**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1309** **07-02-2023 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ സേവനങ്ങൾ ,നിർമ്മാണ പ്രവൃത്തികളെ സംബന്ധിച്ചുള്ള വിവരങ്ങൾ എന്നിവ അറിയുന്നതിനും നിർമ്മാണ പ്രവൃത്തികളെ സംബന്ധിച്ചുള്ള പരാതികൾ അറിയിക്കുന്നതിനും നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് പൊതുമരാമത്ത് വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പ് ജനകീയമാക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി ആരംഭിച്ച "തൊട്ടറിയാം പി.ഡബ്ല്യൂഡി" എന്ന പേരിലുള്ള പ്രോജക്റ്റ് മാനേജ്മെന്റ് സിസ്റ്റത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ, പുരോഗതി സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാണ്. **ഈ പോർട്ടൽ വകുപ്പിന്റെ പ്രൊജക്റ്റ് മോണിറ്ററിംഗ് & മാനേജ്മെന്റ് പോർട്ടൽ ആണ്. ഇതിൽ പൊതുജനങ്ങൾക്കു ലോഗിൻ ചെയ്തു ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ സ്ഥിതി അറിയുന്നതിനും അതിൽ അവർക്കുള്ള നിർദ്ദേശങ്ങളും പരാതികളും രേഖപ്പെടുത്തുന്നതിനും സാധിക്കും. കൂടാതെ പൊതുമരാമത്തു വകുപ്പിന്റെ റോഡ്, പാലങ്ങൾ എന്നീ ആസ്തികളിൻമേൽ പൊതുജനങ്ങൾക്കു പരാതികൾ സമർപ്പിക്കാൻ "പി.ഡബ്ല്യൂഡി ഫോർ യു" എന്ന മൊബൈൽ ആപ്പും നിലവിലുണ്ട്.**<br><br>പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പരാതികളും നിർദ്ദേശങ്ങളും വകുപ്പ് മന്ത്രിയെ അറിയിക്കുന്നതിനായി "റിംഗ് റോഡ്" എന്ന ഫോൺ-ഇൻ പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ "Grievances Redressal Cell" 18004257771 എന്ന ടോൾ ഫ്രീ നമ്പറിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും 9.30 am മുതൽ 7.30 PM വരെ പ്രവർത്തിക്കുന്നു. **കൂടാതെ രേഖപ്പെടുത്തിയ പരാതിയുടെ നിലവിലെ സ്ഥിതി പരാതി നമ്പർ ഉപയോഗിച്ച് എപ്പോൾ വേണമെങ്കിലും പരിശോധിക്കാവുന്നതുമാണ്.** കൂടാതെ വകുപ്പുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെ പരാതികൾ ഓഫീസുകൾ നേരിട്ടും സ്വീകരിക്കുന്നുണ്ട്.<br><br>**പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള പ്രവൃത്തികൾ, റോഡുകൾ, ലഭ്യമാവുന്ന സേവനങ്ങൾ എന്നിവയുടെ** |

| | | | |
|---|---|---|---|
| | | | **വിശദാംശങ്ങളും ഡി.എൽ.പി. കാലാവധിയിലുള്ള പ്രവൃത്തികളുടെ വിവരങ്ങളും പൊതുമരാമത്ത് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.**<br><br>**പണി പൂർത്തിയായി ഡി.എൽ.പി. കാലാവധിയിലുള്ള എല്ലാ പൊതുമരാമത്ത് വകുപ്പ് റോഡുകളിലും ബന്ധപ്പെട്ട റോഡ് പ്രവൃത്തിയുടെ വിവരങ്ങളും പരിപാലന കാലാവധിയും കരാറുകാരന്റെയും അസിസ്റ്റന്റ് എഞ്ചിനീയറുടെയും പേരും ബന്ധപ്പെടേണ്ട ഫോൺ നമ്പരും പ്രദർശിപ്പിച്ചുകൊണ്ടുള്ള ഡി.എൽ.പി. ബോർഡുകൾ സ്ഥാപിക്കുന്നുണ്ട്. കൂടാതെ സമൂഹ മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപെടുന്ന പരാതികൾ പരിശോധിക്കുകയും പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.**<br><br>**പൊതുമരാമത്തു വകുപ്പിന്റെ സേവനങ്ങളെപ്പറ്റി അറിയുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ ഓദ്യോഗിക വെബ് സൈറ്റിന്റെ (https://www.pwd.kerala.gov.in) RTI പേജ് സന്ദർശിക്കാവുന്നതാണ്. കൂടാതെ സർക്കാരിന്റെ ഇ-സേവനം പോർട്ടലിലും (https://services.kerala.gov.in/), പൊതുമരാമത്ത് വകുപ്പിന്റെ സർവീസസ് പോർട്ടലിലും (https://pwdservices.kerala.gov.in) പൊതുമരാമത്തു വകുപ്പിന്റെ ലഭ്യമായ ഓൺലൈൻ സേവനങ്ങൾ ലഭ്യമാണ്.** |
| (ബി) | പുതിയതായി ഏർപ്പെടുത്തിയിട്ടുള്ള ഓൺലൈൻ പരാതി പരിഹാര സംവിധാനങ്ങൾ എത്ര പേർ ഇതുവരെ പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ? | (ബി) | പുതുതായി ഏർപ്പെടുത്തിയ പരാതി പരിഹാര ഓൺലൈൻ സംവിധാനം (PWD 4U മൊബൈൽ ആപ്പ്, സോഷ്യൽ മീഡിയ, തൊട്ടറിയാം പി.ഡബ്ല്യു.ഡി) ഇതുവരെ 30,567 പേർ പ്രയോജനപ്പെ |

സെക്ഷൻ ഓഫീസർ